**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **06-12-2022 - ൽ മറുപടിയ്ക്ക്**

**പ്രഭുറാം മിൽസിന്റെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പ്രതിസന്ധികൾ നേരിടുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിന് സ്ഥാപനങ്ങൾക്കുണ്ടായ ഭീമമായ വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളുന്നതിനോ സർക്കാർ ഏറ്റെടുക്കുന്നതിനോ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഈ വിഷയത്തിൽ ശാശ്വതപരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ വ്യവസായ വകുപ്പുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രഭുറാം മിൽസിന്റെ വൈദ്യുതി കുടിശ്ശികയായ 3 കോടി 98 ലക്ഷം രൂപ തീർപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | പഴയ വൈദ്യുതി കുടിശ്ശിക തുകയ്ക്ക് കൂടുതൽ തവണവ്യവസ്ഥകൾ അനുവദിച്ചുകൊണ്ട് തീർപ്പാക്കാനായി ശ്രമിക്കേണ്ടതും 2022 സെപ്റ്റംബർ മാസം മുതലുള്ള തൻമാസങ്ങളിലെ വൈദ്യുതി ചാർജ്ജ് കൃത്യമായി ഒടുക്കുകയും വേണം എന്ന നിർദ്ദേശമാണ് 24.08.2022-ൽ നിയമസഭാമന്ദിരത്തിലെ സമ്മേളന ഹാളിൽ വച്ച് ചേർന്ന യോഗത്തിന്റെ തീരുമാനം. |
| (സി) | പ്രസ്തുത നടപടികൾക്കുശേഷം ഇപ്പോൾ ഉണ്ടായിട്ടുള്ള മൂന്ന് മാസത്തെ കുടിശ്ശിക ഘട്ടം ഘട്ടമായി അടച്ചു തീർക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | പഴയ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് പ്രത്യേക നടപടികൾ ഒന്നും തന്നെ പ്രസ്തുത ഉപഭോക്താവ് നാളിതുവരെ സ്വീകരിച്ചിട്ടില്ല. കൂടാതെ തൻമാസ വൈദ്യുതി ചാർജ്ജ് കൃത്യമായി അടയ്ക്കുന്നുമില്ല. |

സെക്ഷൻ ഓഫീസർ